പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5956

07.07.2014 ലെ മറുപടിയുടെ പൂർണ്ണമറുപടി

## കാർഷികരംഗത്തെ വളർച്ചയ്ക്കായി നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ആധുനിക സാങ്കേതിക വിദ്യയും, കാർഷികയന്ത്രങ്ങളും ഉപയോഗപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ; | (എ) പരിശീലനം, പരിശോധന, പ്രവർത്തന പ്രദർശനം എന്നിവയിലൂടെ കാർഷിക യന്ത്രവൽക്കരണം ശക്തിപ്പെടുത്തൽ, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി ആന്റ് മാനേജ്മെന്റ്, കുട്ടനാട് പാക്കേജിന്റെ ഭാഗമായുള്ള കാർഷിക യന്ത്രവൽക്കരണം എന്നീ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) ആധുനിക കാർഷികയന്ത്രങ്ങൾ ചെറുകിട കർഷകർക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ആണ് സർക്കാർ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ആധുനിക കാർഷികയന്ത്രങ്ങൾ ചെറുകിട കർഷകർക്ക് ലഭ്യമാക്കുന്നതിനായി ഓരോ ജില്ലയിലേയും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയത്തോടനുബന്ധിച്ച് കസ്റ്റം ഹയറിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) പഴം ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചനടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ; | (സി) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖേന പഴവർഗ്ഗവിളകളായ വാഴ, കൈതച്ചക്ക, മാവ് എന്നിവയുടെ ഉത്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങളുടെ വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ട്. |
| (ഡി) നിലവിൽ പഴവർഗ്ഗങ്ങളുടെ കൃഷി നടത്തിവരുന്ന കർഷകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങൾ ആണ് നല്കിവരുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖേന സ്ട്രോബറി കൃഷിയ്ക്ക് ഹെക്ടറൊന്നിന് 50,000/- രൂപയും വാഴ, കൈതച്ചക്ക എന്നിവയുടെ കൃഷിയ്ക്ക് 26,250/- രൂപ വീതവും, ടിഷ്യൂകൾച്ചർ വാഴകൃഷിയ്ക്ക് 37,500/- രൂപയും, പപ്പായകൃഷിയ്ക്ക് 22,500/- രൂപയും മാവ്, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം എന്നിവയുടെ ഹൈഡെൻസിറ്റി പ്ലാന്റിംഗിന് 24,000/- രൂപയും മാവ് കൃഷിയ്ക്ക് ഹെക്ടർ ഒന്നിന് 18,000/- രൂപയും ധനസഹായം നൽകുന്നു. ഇത് ഒരു കർഷകന് പരമാവധി 4 ഹെക്ടർ സ്ഥലത്തേയ്ക്കാണ് നൽകുന്നത്. |

| | | | |
|---|---|---|---|
| (ഇ) | ഓരോ പഞ്ചായത്തിലും യുവാക്കളെയും കർഷകരേയും ഒരുമിപ്പിച്ച് 'ഫാമേഴ്സ് ക്ലബ്' ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ഇ) | നിലവിൽ കുടുംബശ്രീ യൂണിറ്റുകൾ, ജനശ്രീ യൂണിറ്റുകൾ, യൂത്ത് ക്ലബ്ബ്, പച്ചക്കറി ക്ലസ്റ്ററുകൾ ഇവയിലെല്ലാം തന്നെ യുവജനങ്ങൾക്ക് മുൻതൂക്കം നൽകി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മേല്പറഞ്ഞ ക്ലബ്ബുകൾ, യൂണിറ്റുകൾ എല്ലാം തന്നെ വിവിധ കൃഷിയിൽ (തരിശുനിലകൃഷി, പച്ചക്കറി കൃഷി എന്നിവ) വ്യാപൃതരുമാണ്. |
| (എഫ്) | കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും എം.എൽ.എ.മാരുടെ നേതൃത്വത്തിൽ മണ്ഡലം കാർഷിക സമിതികൾ രൂപീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (എഫ്) | കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും, പഞ്ചായത്ത് തലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ഉള്ള കാർഷിക വികസനസമിതികളിൽ അതാതു മണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. മാർ അംഗങ്ങളാണ്. |

സെക്ഷൻ ഓഫീസർ